

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

## 2. ശിവനും ശക്തിയും

സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

2 ശിവനും ശക്തിയും . . . . . . . . . . . . . . . . . . . . . . 1
1 ശൈവസിദ്ധാന്തം . . . . . . . . . . . 2
2 കാശ്മീരശൈവം . . . . . . . . . . . . 3
3 വീരശൈവന്മാർ . . . . . . . . . . . . 4
4 അമ്മദൈവങ്ങൾ . . . . . . . . . . . 5
5 ഹിന്ദുമതവും അമ്മദൈവങ്ങളും . . . . 6
6 ശക്തിപൂജ . . . . . . . . . . . . . . . . 7

## 2

# ശിവനും ശക്തിയും

ഇന്ത്യയിൽ ശിവപൂജയും ലിംഗപൂജയും പ്രാചീനകാലം മുതൽക്കുതന്നെ നിലനിന്നു പോന്നിട്ടുണ്ട്. ആറാം നൂറ്റാണ്ടിനും ഒമ്പതാം നൂറ്റാണ്ടിനുമിടയിൽ ദക്ഷിണേന്ത്യയിലെ അപ്പർ, സംബന്ധർ, സുന്ദരർ തുടങ്ങിയ ശൈവസിദ്ധന്മാരുടെ ഭക്തിഗാനങ്ങൾ ജനങ്ങൾക്കിടയിൽ പ്രചാരം നേടിക്കഴിഞ്ഞിരുന്നു. എന്നാൽ, ശങ്കരനും രാമാനുജനും ശേഷം ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ ഉയർന്നുവന്ന ശൈവദർശനങ്ങൾ ലളിതങ്ങളായ ആ പ്രാചീനമതവിശ്വാസങ്ങളുടെയും ഭക്തിസങ്കീർത്തനങ്ങളുടെയും തുടർച്ചയോ അവയുടെ പരിഷ്കരിച്ച രൂപങ്ങൾ പോലുമോ ആയിരുന്നില്ല. പതിമൂന്നാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനുമിടയിൽ ആവിർഭവിച്ച ശൈവസിദ്ധാന്തം, വീരശൈവസിദ്ധാന്തം, കാശ്മീരശൈവസിദ്ധാന്തം മുതലായവയിൽ പഴയ ശിവഭക്തിയുടെ ഘടകങ്ങൾ കലർന്നിട്ടുണ്ടെങ്കിലും അവ മുഖ്യമായും വേദാന്തത്തിന്റെ സ്വാധീനത്തിൽ വളർന്നുവന്ന ദർശനങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്.

## 1 ശൈവസിദ്ധാന്തം

പതിമൂന്നാം നൂറ്റാണ്ടിൽ ശിവജ്ഞാനബോധം എന്ന ഗ്രന്ഥമെഴുതിയ മേയ്കണ്ഡരാണ് ശൈവസിദ്ധാന്തങ്ങൾക്ക് ആദ്യമായി ദാർശനികമായ ഒരടിത്തറ നൽകാൻ ശ്രമിച്ചത്. അദ്ദേഹത്തിന്റെ ശിഷ്യനായ അരുൾ നന്ദി ശിവാചാര്യന്റെ, ശിവജ്ഞാനസിദ്ധിയാർ, എന്ന ഗ്രന്ഥവും ശ്രീകണ്ഠശിവാചാര്യരുടെ ബ്രഹ്മസൂത്രഭാഷ്യവും ശൈവസിദ്ധാന്തത്തെ കൂടുതൽ പുഷ്ടിപ്പെടുത്തി.

ശൈവസിദ്ധാന്തം ശുദ്ധാദ്വൈതം എന്ന പേരിലും അറിയപ്പെടുന്നുണ്ട്. പക്ഷേ, അതിന് ശങ്കരന്റെ അദ്വൈതവുമായി ബന്ധമൊന്നുമില്ല. ശൈവസിദ്ധാന്തമനുസരിച്ച് ബ്രഹ്മമല്ല, ശിവനാണ് പരമമായ സത്യം. ജീവാത്മാവും ഭൗതികപ്രപഞ്ചവും യാഥാർത്ഥ്യങ്ങളാണ്. പക്ഷേ, അവ ശിവനുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. ഇതാണ് ശൈവന്മാരുടെ ശുദ്ധാദ്വൈതം.

പതി, പശു, പാശം എന്നിങ്ങനെ മൂന്ന് യാഥാർത്ഥ്യങ്ങളുണ്ടെന്നാണ് ശൈവസിദ്ധാന്തക്കാരുടെ അഭിപ്രായം. പതി എന്നുവെച്ചാൽ ശിവൻ. സർവജ്ഞനും സർവശക്തനും സച്ചിദാനന്ദസ്വരൂപനും സർവബന്ധനങ്ങളിൽ നിന്നും വിമുക്തനും കരുണാനിധിയും സ്നേഹസംപൂർണ്ണനുമായ ശിവനാണ് പരമമായ സത്യം. സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ കർത്താവാണ് ശിവൻ. സ്വന്തം അനുഗ്രഹം കൊണ്ട് ജീവാത്മാക്കളെ മോചിപ്പിക്കുന്നതും ശിവൻ തന്നെ. സൃഷ്ടി നടത്താൻ വേണ്ടി ശിവൻ ജീവാത്മാവായോ ഭൗതികപ്രപഞ്ചമായോ രൂപാന്തരപ്പെടുന്നില്ല. ശിവന് മാറ്റവും പരിണാമവുമില്ല. ശിവനുമായി താദാത്മ്യം പ്രാപിച്ചുകിടക്കുന്ന ശക്തിയുടെ സഹായത്തോടുകൂടിയാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നത്. നിത്യചൈതന്യമായ ശക്തി ശിവന്റെ സ്വരൂപമാണ്. അതുകൊണ്ട് അതിന് സ്വരൂപശക്തിയെന്നു പറയുന്നു. ശിവന്റെ സഹധർമ്മിണിയായി കരുതപ്പെടുന്നതുകൊണ്ട് അതിന് പാർവതി, കാളി തുടങ്ങിയ പേരുകളുമുണ്ട്. മായ ശിവന്റെ അവിഭാജ്യഘടകമല്ല. അത് പരിഗ്രഹശക്തിയാണ്. അതാണ് സൃഷ്ടിയുടെ ഉപകരണം.

ജീവാത്മാവിനാണ് പശു എന്നു പറയുന്നത്. അവിദ്യയാകുന്ന കയറിനാൽ അത് ലോകവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെയാണ് അതിനു പശു എന്നു പറയുന്നത്. ജീവാത്മാവ് കർത്താവും ഭോക്താവുമാണ്. അത് ഇച്ഛാ–ജ്ഞാന–ക്രിയായുക്തമാണ്. നിത്യചൈതന്യമാണ് അതിന്റെ സഹജമായ സ്വഭാവം. ശരീരത്തിൽ നിന്നും ഇന്ദ്രിയാദികളിൽ നിന്നും ഭിന്നമാണത്. പക്ഷേ, പാശത്താൽ ബന്ധിക്കപ്പെടുന്നതുകൊണ്ട് അത് അനിത്യവും സംസാരദുഃഖങ്ങൾക്ക് വിധേയവുമായിത്തീരുന്നു.

ജീവാത്മാവിനെ ബന്ധിക്കുന്ന കയറാണ് പാശം. അവിദ്യ, കർമ്മം, മായ എന്നിങ്ങനെ മൂന്നു തരത്തിലുള്ള പാശങ്ങളുണ്ട്. ഇവ അഴുക്കുകൾ അല്ലെങ്കിൽ മലങ്ങൾ ആയിട്ടാണ് കരുതപ്പെടുന്നത്. ജീവാത്മാവ് അണുരൂപത്തിൽ ശരീരത്തിനകത്ത് സ്ഥിതിചെയ്യുന്നു എന്നും അതിന്റെ ശക്തിയും ജ്ഞാനവും പരിമിതങ്ങളാണെന്നും ഉള്ള തെറ്റായ ധാരണയാണ് അവിദ്യ. അതുകൊണ്ട് അതിന് ആണവമലം എന്നുപറയുന്നു. ആണവമലമാണ് മോഹം, മദം, രാഗം, വിഷാദം, വേദന, ശോകം മുതലായവയുളവാക്കുന്നത്. ശിവജ്ഞാനസിദ്ധിയാർ എഴുതുന്നു: “ആണവമലം അതിന്റെ വിവിധശക്തികളോടുകൂടി, ചെമ്പിൽ അഴുക്ക് എന്നപോലെ, എണ്ണമറ്റ ജീവാത്മാക്കളിൽ പരന്നു പിടിക്കുന്നു. അത് ജീവാത്മാക്കളെ ജ്ഞാനത്തിൽ നിന്നും ക്രിയയിൽ നിന്നും പിടിച്ചു നിർത്തുന്നു. അത് അവയ്ക്ക് അനുഭവിക്കാനുള്ള കഴിവു നൽകുന്നു. എല്ലായ്പ്പോഴും അത് അവിദ്യയുടെ ഉറവിടമാണ്”. [1] അവിദ്യയുടെ ഫലമായിട്ടാണ് ജീവാത്മാവിന് അതിന്റെ യഥാർത്ഥമായ മാഹാത്മ്യം മനസ്സിലാക്കാൻ കഴിയാത്തത്.

ജീവാത്മാവിന്റെ ക്രിയകൾ സൂക്ഷ്മങ്ങളും അദൃഷ്ടങ്ങളുമാണ്. അവയാണ് കർമ്മം അല്ലെങ്കിൽ കാർമണമലം ഉളവാക്കുന്നത്. അവയാണ് ചേതനയെ അചേതനവസ്തുക്കളുമായി ബന്ധിക്കുന്നത്. അപവിത്രതകളും മാലിന്യങ്ങളും നിറഞ്ഞ ഈ ലോകത്തിന്റെ കാരണമാണ് മായ. അവയാണ് ഇച്ഛ, ക്രിയ മുതലായവയ്ക്ക് ജീവാത്മാവിനെ പ്രേരിപ്പിക്കുന്നത്. പക്ഷേ, അത് ആണവമലത്തെപ്പോലെ ജീവാത്മാവുമായി കൂടിച്ചേർന്നിട്ടല്ല, വേറിട്ടാണ് നിലകൊള്ളുന്നത്.

ശിവജ്ഞാനസിദ്ധിയാർ ജീവാത്മാവിനെ നിർവചിക്കുന്നതിങ്ങനെയാണ്; അത് (ആത്മാവ്) അരൂപവും വിഭു (സർവവ്യാപക)വുമാണ്. പക്ഷേ, അചിത്തിനെ (ഭൗതികപദാർത്ഥത്തെ)പ്പോലെയല്ല. ഒരു നിശ്ചിതസമയത്ത് യാതൊന്നിലാണോ അതു നിവസിക്കുന്നത് അതുമായി (ശരീരവുമായി, അല്ലെങ്കിൽ പരമേശ്വരനുമായി) ഒന്നിച്ചു കൂടിച്ചേരുന്നതിലാണ് അതിന്റെ വ്യാപകത്വം കിടക്കുന്നത്. അതിന്റെ നിത്യചൈതന്യവും ശക്തിയും പാശത്താൽ, അല്ലെങ്കിൽ ആണവമലത്താൽ, മറച്ചു വെയ്ക്കപ്പെടുന്നു. അതുകൊണ്ടാണ് അതിനെ പശു എന്ന് വിളിക്കുന്നത്. [2]

എന്തെല്ലാം മലങ്ങൾ കൂടിക്കലർന്നിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ജീവാത്മാക്കളെ മൂന്നായി തരംതിരിക്കാം. ചില ജീവാത്മാക്കൾക്ക് ആണവമലം മാത്രമേയുള്ളു എന്നുവരാം. മറ്റു ചിലർക്ക് ആണവമലവും കാർമണമലവും ഉണ്ടാവും. മറ്റുള്ളവർ മൂന്നു മലങ്ങൾക്കും അടിമപ്പെട്ടവരായിരിക്കും. ഈ മൂന്നു മലങ്ങളിൽ നിന്നും മോചനം നേടുന്നതിനാണ് മോക്ഷം എന്നുപറയുന്നത്. ഇതാണ് പശുവിന് തന്നെ വരിഞ്ഞുകെട്ടിയ പാശം അറുത്ത് കളഞ്ഞ് പതിയുമായി ഒന്നിച്ചുചേരാനുള്ള മാർഗ്ഗം. ശൈവസിദ്ധാന്തക്കാരുടെ അഭിപ്രായത്തിൽ പതിയുമായി ഒന്നിച്ചുചേരുക എന്നതിന് പശുവും പതിയും ഒന്നായിത്തീർന്ന് താദാത്മ്യം നേടുക എന്നർത്ഥമില്ല. മോക്ഷം നേടിയതിനുശേഷവും പശു പതിയായി രൂപാന്തരപ്പെടുകയില്ല. തീയുമായുള്ള സമ്പർക്കംകൊണ്ട് വെള്ളത്തിന് ചൂടുണ്ടാകും. പക്ഷേ, ആ വെള്ളത്തിന് മറ്റെന്തിനെയെങ്കിലും കത്തിക്കാനുള്ള കഴിവുണ്ടാവുകയില്ല. അതുപോലെതന്നെ, ആത്മാവ് പ്രഭുവിന്റെ അനുഗ്രഹംകൊണ്ട് പൂർണ്ണത പ്രാപിക്കുന്നു. പക്ഷേ, അതിന് പരമേശ്വരന്റെ സ്ഥാനം ലഭിക്കുകയില്ല.

---

1. Quoted in K. M. Balasubramaniam: Special Lectures on Saiva Siddhanta, P. 121.
2. Ibid P. 121.

## 2 കാശ്മീരശൈവം

തെക്കെ ഇന്ത്യയിലെ ശൈവസിദ്ധാന്തത്തിൽ നിന്ന് ഏറെക്കുറെ വ്യത്യസ്തമാണ് ഏതാണ്ടതേ കാലത്തുതന്നെ കാശ്മീരിലാവിർഭവിച്ച ശൈവസിദ്ധാന്തം. കാശ്മീരശൈവസിദ്ധാന്തത്തിന് പ്രത്യഭിജ്ഞാനസമ്പ്രദായം എന്നും പറയാറുണ്ട്. സോമാനന്ദന്റെ ശിവദൃഷ്ടി, ഉത്പലന്റെ സ്പന്ദപ്രദീപിക, അഭിനവഗുപ്തന്റെ തന്ത്രസാരവും തന്ത്രലോകവും, ക്ഷേമരാജന്റെ ശിവസൂത്രവിമർശിനി എന്നിങ്ങനെ എട്ടാം നൂറ്റാണ്ടിനും ഒമ്പതാം നൂറ്റാണ്ടിനുമിടയിൽ രചിക്കപ്പെട്ട ചില ഗ്രന്ഥങ്ങളിലാണ് കാശ്മീരശൈവസിദ്ധാന്തത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ കിടക്കുന്നത്. എന്നാൽ അതൊരു ദർശനമായി രൂപം കൊണ്ടത് അദ്വൈതവേദാന്തത്തിന്റെ സ്വാധീനത്തിലാണ്. ശങ്കരന്റെ അദ്വൈതസിദ്ധാന്തങ്ങളോട് അതിന് അത്രയധികം കടപ്പാടുണ്ട്.

കാശ്മീരശൈവസിദ്ധാന്തമനുസരിച്ച് പരമശിവനാണ് ഏകവും അദ്വിതീയവുമായ സത്യം. അരൂപവും അനന്തവും നിത്യവും സർവശക്തവും സർവജ്ഞവും കേവലവുമായ ശുദ്ധചൈതന്യമാണത്. ആത്മാവാകുന്ന ചൈതന്യവും അതുതന്നെ. പരമശിവന്റെ ശക്തിയാണ് ഉമ. തെക്കേ ഇന്ത്യയിലെ ശൈവസിദ്ധാന്തക്കാർ പാർവതിയെ അല്ലെങ്കിൽ കാളിയെ ശിവനുമായി താദാത്മ്യം പ്രാപിക്കുന്ന സഹധർമ്മിണിയായിട്ടാണ് കണക്കാക്കിയത്. കാശ്മീരശൈവത്തിൽ ശക്തിയും ശക്തിയുടെ ഉടമസ്ഥനും വ്യത്യസ്തങ്ങളല്ല. രണ്ടും ഒന്നാണ്. [3] ശക്തിക്ക് ശിവനിൽ നിന്ന് സ്വതന്ത്രമായ നിലനിൽപ്പില്ല. അരൂപമായ ചൈതന്യം അനേകരൂപങ്ങളിൽ പ്രകടമായിത്തീരുന്നു. ലോകം ശിവന്റെ പ്രതിഫലനം മാത്രമാണ്. കണ്ണാടിയിലെ പ്രതിഫലനം പോലെയാണത്. വാസ്തവത്തിൽ, പ്രപഞ്ചം അയഥാർത്ഥമാണ്. മറ്റൊരുവിധം പറഞ്ഞാൽ, പ്രപഞ്ചവും പരമേശ്വരനും അഭിന്നങ്ങളാണ്. ജ്ഞാതാവും ജ്ഞേയവും ജ്ഞാനവും എല്ലാം ഒന്നാണ്. [4] ജ്ഞാനത്തിന്റെ തന്നെ മൂന്നു സ്ഥിതിവിശേഷങ്ങളാണവ. സചേതനങ്ങളും അചേതനങ്ങളുമായ എല്ലാ ചരാചരങ്ങളും പരമേശ്വരന്റെ രൂപങ്ങളാണ്. അവയൊന്നുംതന്നെ പരമേശ്വരനിൽ നിന്ന് ഭിന്നമല്ല. ജീവാത്മാവ് യഥാർത്ഥത്തിൽ പരമാത്മാവു തന്നെയാണ്. അവിദ്യയുടെ ഫലമായിട്ടാണ് അവ വ്യത്യസ്തങ്ങളായി കണക്കാക്കപ്പെടുന്നത്. അവിദ്യയുടെ ഫലമായി ആത്മാവിന് മാലിന്യങ്ങളും പരിമിതികളും സംഭവിക്കുന്നു. ആത്മീയജ്ഞാനംകൊണ്ട് അവിദ്യയകറ്റുകയും മാലിന്യങ്ങളും നീക്കുകയും ചെയ്താൽ ആത്മാവ് ശുദ്ധമായ ചൈതന്യമായിത്തീരും. ദക്ഷിണേന്ത്യയിലെ ശൈവസിദ്ധാന്തക്കാരുടെ അഭിപ്രായമനുസരിച്ച് ആത്മാവ് മോക്ഷപ്രാപ്തിക്കു ശേഷം ശിവനായി രൂപാന്തരപ്പെടുന്നില്ല. കാശ്മീരശൈവന്മാരുടെ അഭിപ്രായത്തിലാകട്ടെ, ശുദ്ധചൈതന്യമായ ആത്മാവു തന്നെയാണ് പരമേശ്വരൻ. ഈ ജ്ഞാനമാണ് മോചനത്തിന്റെ മാർഗ്ഗം. ആത്മാവ് പരമശിവനുമായി താദാത്മ്യം പ്രാപിക്കുന്നതിനാണ് മോക്ഷമെന്നു പറയുന്നത്. രണ്ടു ദർശനങ്ങളിലും വ്യക്തിയുടെ ആത്മാവ് ബാഹ്യയാഥാർത്ഥ്യങ്ങളെ തീരെ അവഗണിച്ചുകൊണ്ടാണ് ശിവൻ എന്ന കേവലചൈതന്യത്തെ അന്വേഷിക്കാൻ പുറപ്പെടുന്നത്. ഒടുവിൽ രണ്ടും ചെന്നെത്തുന്നത് അന്തർമുഖത്വത്തിന്റെ നിഗൂഢതയിലാണ്. ഈ നിഗൂഢതയിൽ നിന്നു രക്ഷപെടാനെന്നോണം ലിംഗപൂജ തുടങ്ങിയ മതചടങ്ങുകളെ കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. രണ്ടു ദർശനങ്ങളും കാലക്രമത്തിൽ വെറും മതവിശ്വാസങ്ങളും മതാചാരങ്ങളും മാത്രമായി അവശേഷിച്ചതിന്റെ കാരണവും ഇതുതന്നെയായിരിക്കാം.

---

3. സാ ച തദഭിന്നൈവ.
   — സ്പന്ദപ്രദീപിക, പേ. 11.
4. ജ്ഞാതാ ജ്ഞേയം ജ്ഞാനം ഇതി ജ്ഞാനസ്യൈവ ത്രിധാ സ്ഥിതി
   — സ്പന്ദപ്രദീപിക.

## 3 വീരശൈവന്മാർ

കർണ്ണാടകത്തിലും ആന്ധ്രയിലെയും മഹാരാഷ്ട്രത്തിലെയും ചില പ്രദേശങ്ങളിലും പ്രചാരം നേടിയ ലിംഗായത സിദ്ധാന്തം അല്ലെങ്കിൽ വീരശൈവസിദ്ധാന്തം മേൽ വിവരിച്ച ശൈവസിദ്ധാന്തങ്ങളിൽ നിന്ന് അല്പം വ്യത്യസ്തമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബസവനും രാമയ്യനുമാണ് വീരശൈവസിദ്ധാന്തത്തിന്റെ സ്ഥാപകന്മാർ എന്നു കരുതപ്പെടുന്നു. അവർ തങ്ങളുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി സ്വന്തമായി ഗ്രന്ഥങ്ങളെഴുതുകയോ പ്രാചീന ഗ്രന്ഥങ്ങൾക്ക് ഭാഷ്യങ്ങൾ രചിക്കുകയോ ചെയ്യുകയുണ്ടായില്ല. അവരുടെ ജീവചരിത്രങ്ങൾ തന്നെയും ഐതിഹ്യങ്ങളും കെട്ടുകഥകളുമായി കൂടിക്കുഴഞ്ഞാണ് കിടക്കുന്നത്. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കർണ്ണാടകപ്രദേശങ്ങളിൽ ജൈനന്മാർക്ക് ധാരാളം സ്വാധീനമുണ്ടായിരുന്നുവത്രേ. അവർക്കെതിരായ പ്രക്ഷോഭങ്ങളിലൂടെയാണ് ലിംഗായതപ്രസ്ഥാനം ഉയർന്നുവന്നത്. ബസവൻ കല്യാണിലെ ബിജ്ജലരാജാവിന്റെ പ്രധാനമന്ത്രിയോ സേനാനായകനോ മറ്റോ ആയിരുന്നു എന്നാണ് ഐതിഹ്യം. തന്റെ പുതിയ പ്രസ്ഥാനത്തിലേക്ക് ആളുകളെ ആകർഷിക്കാൻ വേണ്ടി ദാർശനിക സിദ്ധാന്തങ്ങളെ മാത്രമല്ല, ഔദ്യോഗികപദവിയെയും സമർത്ഥമായി ഉപയോഗിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടു കൂടിയായിരിക്കാം. വീരശൈവന്മാരുടെ സ്വാധീനം അതിവേഗം വർദ്ധിച്ചത്.

വീരശൈവസിദ്ധാന്തങ്ങൾ വളരെ ലളിതങ്ങളാണ്. സർവജ്ഞനും സർവശക്തനുമായ പരമശിവനല്ലാതെ മറ്റൊരു ദൈവമില്ല. പ്രപഞ്ചമുത്ഭവിച്ചത് പരമശിവനിൽ നിന്നാണ്. അവസാനം അത് പരമശിവനിൽ തന്നെ ചെന്നു ലയിക്കുകയും ചെയ്യുന്നു. മനുഷ്യനെ അനുഗ്രഹിക്കാനും ആപത്തുകളിൽ നിന്നു രക്ഷിക്കാനും പരമശിവനു കഴിവുണ്ട്. അതുകൊണ്ട് പരമശിവനെ ആശ്രയിക്കുകയും ആരാധിക്കുകയുമാണ് രക്ഷക്കും മോചനത്തിനുമുള്ള മാർഗ്ഗം. ആരാധകനും പരമശിവനുമിടയിൽ മധ്യവർത്തിയായ ഒരു ബ്രാഹ്മണപുരോഹിതന്റെ ആവശ്യമില്ല. വീരശൈവത്തിൽ വിശ്വസിക്കുന്നവരെല്ലാം ഒരു ചെറിയ ശിവലിംഗം വെള്ളിയുടെയോ ചെമ്പിന്റെയോ തകിടിനുള്ളിലാക്കി ചരടിൽ കോർത്ത് കഴുത്തിൽ ധരിക്കണമെന്നുള്ളതു നിർബന്ധമായിരുന്നു. കഴുത്തിൽ ലിംഗം തൂക്കിയിട്ടവരെല്ലാം ലിംഗായതന്മാരായി കണക്കാക്കപ്പെട്ടു. പരമശിവന്റെ ദൃഷ്ടിയിൽ എല്ലാ മനുഷ്യരും ഒരുപോലെയായതുകൊണ്ട് ലിംഗാരാധകർക്കിടയിൽ ജാതിവ്യത്യാസങ്ങളോ സ്ത്രീപുരുഷഭേദമോ അനുവദിക്കപ്പെട്ടിരുന്നില്ല. എല്ലാവരും സമന്മാരായിട്ടാണ് കണക്കാക്കപ്പെട്ടത്. ലിംഗാരാധകർ പരിശുദ്ധരാണ്. അതുകൊണ്ട് ജനനം, മരണം, സ്ത്രീകളുടെ തീണ്ടാരി മുതലായവയൊന്നും അശുദ്ധങ്ങളായി കണക്കാക്കപ്പെട്ടിരുന്നില്ല. ആരാധകർ മരിച്ചുകഴിഞ്ഞാൽ നേരിട്ട് ശിവലോകത്തിലെത്തും; അല്ലെങ്കിൽ ശിവനുമായി താദാത്മ്യം പ്രാപിക്കും. ലിംഗം ധരിക്കുന്നവർ മരിച്ചാൽ മൃഗങ്ങളും മറ്റുമായി വീണ്ടും ജനിക്കുകയോ പ്രേതങ്ങളായി അലഞ്ഞുതിരിയുകയോ ഇല്ല. അതുകൊണ്ട് മരണത്തിനുശേഷം സംസ്കാരചടങ്ങുകളോ ശേഷക്രിയകളോ ഒന്നും ആവശ്യമില്ല. അതുപോലെ തന്നെ ജീവിച്ചിരിക്കുന്ന കാലത്ത് പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥയാത്രകളോ യാഗാദികർമ്മങ്ങളോ തപസുകളോ നിരാഹാരവ്രതങ്ങളോ ഒന്നും ആവശ്യമില്ല. പരമേശ്വരനെ ധ്യാനിക്കുക, ലിംഗപൂജ നടത്തുക, എല്ലായിപ്പോഴും കഴുത്തിൽ ലിംഗം കെട്ടിത്തൂക്കുക—ഇവയാണ് മോചനത്തിനുള്ള വഴി.

ബ്രാഹ്മണമേധാവിത്വത്തോടുള്ള എതിർപ്പ്, ജാതിവ്യത്യാസങ്ങൾക്കെതിരായ നിലപാട്, ശൈശവവിവാഹനിരോധനം, സ്ത്രീകൾക്ക് സ്വന്തം ഭർത്താക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മുതലായവയായിരുന്നു വീരശൈവമതത്തിലെ മുഖ്യമായ ഘടകങ്ങൾ. അതുകൊണ്ട് ഒരു ദർശനമെന്നതിനെക്കാളധികം അതൊരു സാമൂഹ്യപരിഷ്കരണ പ്രസ്ഥാനമായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല.

പക്ഷേ, ഏറെക്കഴിയുന്നതിനുമുമ്പ് ഈ പ്രസ്ഥാനത്തിൽ പല മാറ്റങ്ങളും സംഭവിച്ചു. ബ്രാഹ്മണപൗരോഹിത്യത്തെ എതിർത്തുവെങ്കിലും ലിംഗായതന്മാർ തങ്ങളുടെ സ്വന്തം പൂജാദികർമ്മങ്ങൾക്കുവേണ്ടി ജംഗമം എന്ന പേരിൽ ഒരു പുതിയ പൗരോഹിത്യം സ്ഥാപിച്ചു. ബ്രാഹ്മണർ തങ്ങളുടെ ബ്രാഹ്മണ്യമുപേക്ഷിച്ച് കഴുത്തിൽ ലിംഗം തൂക്കി വീരശൈവമതത്തിൽ ചേരാൻ തയ്യാറായാൽ അവർക്കും ലിംഗായതപുരോഹിതന്മാരാവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. വീരശൈവന്മാർ ജാതിവ്യത്യാസങ്ങൾക്കെതിരായിരുന്നു എന്നു പറഞ്ഞുവല്ലോ. പക്ഷേ, ഈ നിലപാട് ലിംഗായതന്മാർക്കു മാത്രമേ ബാധകമായിരുന്നുള്ളൂ. സ്വന്തം സംഘത്തിനു പുറത്തുള്ള സാമൂഹ്യാനാചാരങ്ങൾക്കെതിരായോ ജാതിമതവൈരുദ്ധ്യങ്ങൾക്കെതിരായോ അവർ ശബ്ദമുയർത്തുകയുണ്ടായില്ല. ഇതിന്റെ ഫലം ലിംഗായതന്മാർ സമൂഹത്തിലെ ഒരു പ്രത്യേകജാതിയായി തീരുക എന്നതു മാത്രമായിരുന്നു. അവിടെയും ജാതിയുടെ കാര്യത്തിൽ മാത്രമേ, സമത്വമുണ്ടായിരുന്നുള്ളൂ. സ്വത്തുടമയിലുള്ള അസമത്വങ്ങൾ അനുവദിക്കപ്പെട്ടു. ഈ സ്ഥിതിവിശേഷം സ്വാഭാവികമായും സമുദായത്തിന്റെ അടിത്തട്ടിലുള്ള മർദ്ദിതജനവിഭാഗങ്ങളെ ആകർഷിക്കാൻ അപര്യാപ്തമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ആരംഭത്തിൽ മതത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും പുരോഗമനപരമായ ഒരു പങ്കു വഹിച്ച ലിംഗായതന്മാർ സമുദായത്തിലെ ബ്രാഹ്മണമേധാവിത്വത്തിനെതിരായ ഇടത്തരക്കാരുടെയും മറ്റു സ്വത്തുടമസ്ഥന്മാരുടെയും ഒരു പ്രത്യേകജാതിയായി രൂപാന്തരപ്പെടുകയാണുണ്ടായത്. കാലക്രമത്തിൽ ഈ പ്രത്യേകജാതിക്കുള്ളിൽ തന്നെ ഉപജാതികളും അവാന്തരവിഭാഗങ്ങളും രൂപം കൊള്ളുകയും ചെയ്തു.

മാധവാചാര്യർ തന്റെ സർവദർശനസംഗ്രഹത്തിൽ മറ്റുചില ശൈവസിദ്ധാന്തക്കാരെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. പക്ഷേ, ദാർശനികരംഗത്തിലെന്നപോലെ തന്നെ സാമൂഹ്യജീവിതത്തിലും അവർക്ക് നേടാൻ കഴിഞ്ഞ സ്വാധീനം വളരെ പരിമിതമാണ്. അതുകൊണ്ട് അവരുടെ സിദ്ധാന്തങ്ങളെപ്പറ്റി ഇവിടെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

## 4 അമ്മദൈവങ്ങൾ

മിക്ക ശൈവസിദ്ധാന്തക്കാരും ശിവനോടൊപ്പം തന്നെ ശക്തിക്കും വലിയ പ്രാധാന്യം നൽകുന്നുണ്ട്. ചൂട് അഗ്നിയുടെ അനിവാര്യമായ സ്വഭാവമായിരിക്കുന്നതെങ്ങനെയോ അതുപോലെതന്നെ ശക്തി ശിവന്റെ അനിവാര്യഭാഗമാണ്. സൃഷ്ടിയുടെ തത്വമാണത്. ശിവൻ പുരുഷരൂപത്തിലും ശക്തി സ്ത്രീരൂപത്തിലും സങ്കൽപ്പിക്കപ്പെടുന്നു. ക്രിയയുമായി ബന്ധമില്ലെങ്കിൽ ജ്ഞാനം നിഷ്ഫലമാകുന്നതുപോലെ ശക്തിയുമായി ബന്ധമില്ലെങ്കിൽ ശിവൻ അശക്തനായിത്തീരുന്നു. ശക്തിയുടെ സഹായത്തോടുകൂടിയാണ് ശിവൻ സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നത്. ശക്തിക്ക് ദുർഗ, കാളി, ഭുവനേശ്വരി, മഹാമായ, ഭഗവതി എന്നിങ്ങനെ പല പേരുകളുമുണ്ട്. പ്രാചീനകാലത്തെ അമ്മദൈവത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിൽ നിന്നാണ് ശക്തിയെപ്പറ്റിയുള്ള സിദ്ധാന്തങ്ങൾ വളർന്നുവന്നത് എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

പ്രാക്ചരിത്രകാലം മുതൽക്കുതന്നെ ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും കാർഷികവൃത്തിയിലേർപ്പെട്ട ഗോത്രസമുദായക്കാർക്കിടയിൽ, അമ്മദൈവങ്ങളിലുള്ള വിശ്വാസം നിലനിന്നു പോന്നിട്ടുണ്ട്. മാർഷൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, ഇന്ത്യയിലെ മിക്ക ഗ്രാമപ്രദേശങ്ങളിലും അമ്മദൈവങ്ങൾ, സ്ഥലകാലങ്ങളുടെ വ്യത്യാസങ്ങളനുസരിച്ച്, വ്യത്യസ്തങ്ങളായ പേരുകളോടും സ്വഭാവവിശേഷങ്ങളോടും കൂടി ആരാധിക്കപ്പെട്ടുപോന്നിട്ടുണ്ട്. “അനാര്യജനവിഭാഗങ്ങളുടെ ദേശീയദേവതകൾക്കിടയിൽ അമ്മദൈവങ്ങൾക്ക് സുപ്രധാനമായ ഒരു സ്ഥാനമാണുണ്ടായിരുന്നത്. പ്രാകൃതകുലഗോത്രസമുദായക്കാർക്കിടയിൽ അമ്മദൈവങ്ങളിലുള്ള വിശ്വാസങ്ങളുടെ പ്രചാരവും, അവരുടെ ആചാരങ്ങളിലും ചടങ്ങുകളിലും നേതൃത്വം വഹിക്കുന്നത് ബ്രാഹ്മണരല്ല ദേവതകളുടെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുന്നവരെന്നു കരുതപ്പെടുന്ന പഴയ ഗോത്രസമുദായങ്ങളിലെ അംഗങ്ങളായ പറയർ തുടങ്ങിയ താണജാതിക്കാരാണ് എന്ന വസ്തുതയും ഇതിനു തെളിവാണ്. യഥാർത്ഥത്തിൽ ചില അനാര്യകുലഗോത്രസമുദായങ്ങൾ ഹിന്ദുമതത്തിന്റെ പിടിയിൽ ഇനിയും വന്നു കഴിഞ്ഞിട്ടില്ല. ഇത്തരം സമുദായങ്ങളിൽ അമ്മദൈവത്തെ, അല്ലെങ്കിൽ ഭൂമിദേവിയെ ആരാധിക്കുന്ന സമ്പ്രദായം പ്രത്യേകിച്ചും പ്രബലമാണ്”. [5]

---

5. Marshall: Mohenjodaro and the Indus Civilization, P. 51.

## 5 ഹിന്ദുമതവും അമ്മദൈവങ്ങളും

പ്രാചീനാര്യന്മാർക്കിടയിൽ ദേവീപൂജയ്ക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നില്ല. ഇന്ദ്രൻ, വരുണൻ, സൂര്യൻ തുടങ്ങിയ പുരുഷദൈവങ്ങൾക്കായിരുന്നു പ്രാധാന്യം. എന്നാൽ, ഭാരതീയ സമുദായത്തിന്റെ അസമമായ വളർച്ച കാരണം ആയുർവേദങ്ങളിലും വർണ്ണവ്യവസ്ഥയിലുമുള്ള വിശ്വാസങ്ങളോടൊപ്പം കുലഗോത്ര സമുദായങ്ങളുടെ പ്രാകൃതവിശ്വാസങ്ങളും നിലനിൽക്കുകയും ചിലപ്പോഴൊക്കെ അവ പരസ്പരം കൂടിക്കലരുകയും ചെയ്തു. മധ്യയുഗത്തിലാണ് ഈ ലയനപ്രക്രിയ പ്രത്യേകിച്ചും പ്രബലമായിത്തീർന്നത്. കാർഷികവൃത്തിയുമായി കഴിഞ്ഞുകൂടിയിരുന്ന ഒട്ടനവധി അനാര്യകുലഗോത്രസമുദായങ്ങൾ നാട്ടുവാഴിത്തത്തിന്റെ അടിസ്ഥാനത്തിലുള്ള സാമ്രാജ്യങ്ങളുടെ ഭാഗമായിത്തീർന്നതാണ് ഈ പ്രക്രിയയുടെ മുഖ്യമായ കാരണം. ഈ ഘട്ടത്തിലാണ് പ്രാകൃതഗോത്ര സമുദായങ്ങളിൽ പലതും ഹിന്ദുമതത്തിന്റെ ഭാഗങ്ങളായിത്തീർന്നത്. ഈ മാറ്റത്തിന്റെ ഫലമായി ഒരുവശത്ത് അമ്മദൈവങ്ങൾക്ക് പുതിയൊരു പ്രാധാന്യവും ഉന്നതമായ ഒരു പദവിയും ലഭിച്ചു. മറുവശത്ത് ഹിന്ദുമതത്തിന്റെ സ്വഭാവത്തിലും മാറ്റങ്ങളുണ്ടായി. എഹരെൻഫെൽസ് ചൂണ്ടിക്കാണിച്ചതുപോലെ, ഹരപ്പയിൽ നിന്നും മോഹൻജദാരോവിൽ നിന്നും ശാസ്ത്രജ്ഞന്മാർ കണ്ടെടുത്ത അവശിഷ്ടങ്ങൾ അടിസ്ഥാനപരമായ രണ്ടു വസ്തുതകൾ വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്: “(1) ഇന്നു നമ്മൾ ഹിന്ദുമതം എന്നു വിളിക്കുന്നത് എന്തിനെയോ അതിന്റെ സംസ്കാരിക ഘടനയിൽ അനാര്യഘടകങ്ങളുടെ ആധിക്യം; (2) ഈ മുന്തിയ അനാര്യസംസ്കാരത്തിന്റെ മാതൃമേധാവിത്വസ്വഭാവം. ഈ സംസ്കാരത്തോട് മധ്യയുഗത്തിലെയും ആധുനികയുഗത്തിലെയും നിരവധി ഘടകങ്ങളും പ്രചോദനങ്ങളും സാംസ്കാരിക രൂപങ്ങളും വളരെയധികം കടപ്പെട്ടിരിക്കുന്നു”. [6]

ഇങ്ങനെ ആര്യന്മാർക്കു മുമ്പുണ്ടായിരുന്ന ഗോത്രസമുദായങ്ങൾ കാർഷികോൽപ്പാദനാഭിവൃദ്ധിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആരാധിച്ചിരുന്ന അമ്മദൈവങ്ങൾക്ക് മധ്യയുഗത്തിൽ പുതിയൊരർത്ഥവും പുതിയൊരു പ്രാധാന്യവും ലഭിച്ചു. മാതൃമേധാവിത്വഘടനയിലെ അമ്മദൈവം പരമശിവന്റെ സഹധർമിണിയുടെ മാന്യമായ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഉദാഹരണത്തിന്, മധുരയിൽ അധികമാരുടെയും ദൃഷ്ടിയിൽ പെടാതെ കിടന്നിരുന്ന മീനാക്ഷി ശൈവമതത്തിന്റെ ആവിർഭാവത്തിനു ശേഷമാണ് പ്രസിദ്ധിയും ശക്തിയും ആർജിച്ചത്. ബംഗാളിലെ കാളിയും മൈസൂരിലെ ചാമുണ്ഡിയും കേരളത്തിലെ ഭഗവതിയും ഇന്നും ജനസ്വാധീനമുള്ള അമ്മദൈവങ്ങളാണ്. പതിനേഴാം നൂറ്റാണ്ടിലെയും പതിനെട്ടാം നൂറ്റാണ്ടിലെയും പ്രതാപശാലികളായ മിക്ക കേരളീയരാജാക്കന്മാരുടെയും കുലദേവതകൾ പല പേരുകളോടും കൂടിയ ഭഗവതിമാരായിരുന്നു. ഇന്ത്യയുടെ തെക്കെ അറ്റത്തുള്ള കന്യാകുമാരി ക്ഷേത്രത്തിലെ അവിവാഹിതയായ കുമാരി പാണ്ഡ്യരാജാക്കന്മാരുടെ കുലദേവതയായിരുന്നുവത്രേ. ഫ്രേസർ എഴുതുന്നു:

> “ഇന്ത്യയിലെ മിക്ക ഗ്രാമങ്ങളിലെയും പ്രാദേശികങ്ങളായ പ്രാർത്ഥനാ കേന്ദ്രങ്ങളിൽ മൺമറഞ്ഞുപോയ വീരപുരുഷന്മാർ ദേവന്മാരായി പൂജിക്കപ്പെട്ടിരുന്നു. ആ കേന്ദ്രങ്ങളിൽവെച്ച് ഭൂതപ്രേതാദികളെയും മരിച്ചുപോയവരുടെ ദുശ്ശകുനകാരികളായ ആത്മാക്കളെയും പ്രീതിപ്പെടുത്താൻ വേണ്ടി നരബലിയും രക്തദാനവും മന്ത്രവാദവും മറ്റും നടത്തുക പതിവായിരുന്നു. പ്രാദേശികമന്ത്രവാദികളും പൂജാരികളുമാണ് ഇത്തരം പ്രാകൃതകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. ഈ പ്രാദേശിക പ്രാർത്ഥനാകേന്ദ്രങ്ങൾ കൂടുതൽ പ്രസിദ്ധിയാർജിച്ചപ്പോൾ അവയുടെ സ്വത്തുക്കളും പ്രാധാന്യവും വർദ്ധിച്ചു. നാട്ടുവാഴികളുടെയും ഭൂപ്രഭുക്കന്മാരുടെയും ദാനങ്ങൾ കൊണ്ട് അവ കൂടുതൽ സമ്പന്നങ്ങളായി. പ്രാർത്ഥനാ കേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിത്തീർന്നു. അവയിലുണ്ടായിരുന്ന പ്രാകൃതദേവതകൾ ശിവൻ, വിഷ്ണു എന്നീ ദേവന്മാരുടെ ദാസികളോ ശക്തികളോ സഹധർമ്മിണികളോ ആയി കണക്കാക്കപ്പെടുകയും അങ്ങനെ ആ ദേവതകൾ പുതിയൊരു മാന്യതയുടെ പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബ്രാഹ്മണമതം ഹിന്ദുമതമായി രൂപാന്തരപ്പെടാൻ തുടങ്ങിയപ്പോൾ ഇന്ത്യയിലെ എല്ലാ ദൈവങ്ങളെയും ദൈവങ്ങളാക്കി മാറ്റപ്പെട്ട വീരപുരുഷന്മാരെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള പുരാണകഥകൾ രചിക്കപ്പെടാൻ തുടങ്ങി. അങ്ങനെ ഹിന്ദുദേവഗണങ്ങളുടെ വൈവിധ്യപൂർണ്ണമായ പരിദർശനത്തിൽ വേദേതിഹാസങ്ങളിലെ ദൈവങ്ങളുമായി ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ട എണ്ണമറ്റ ദേവതകൾ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്തു”. [7]

അമ്മദൈവങ്ങൾ മാത്രമല്ല ഭൂതപിശാചാദികളും പൂർവികന്മാരുടെ പ്രേതങ്ങളും ആരാധിക്കപ്പെട്ടിരുന്നു. അവരെ തൃപ്തിപ്പെടുത്താൻ വേണ്ടിയുള്ള പൂജാദികർമ്മങ്ങളും മൃഗബലികളിലൂടെയുള്ള രക്തദാനങ്ങളും പതിവായിരുന്നു. അമ്മദൈവങ്ങൾക്കിടയിൽ കൂടുതൽ ദയയുള്ളവരും കൂടുതൽ ക്രൂരത കാട്ടുന്നവരുമുണ്ടായിരുന്നു. രോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും അനാവൃഷ്ടിയിൽ നിന്നും രക്ഷ കിട്ടാൻ പ്രത്യേകം പ്രത്യേകം ദേവികളെ പ്രസാദിപ്പിക്കേണ്ടതുണ്ടായിരുന്നു. ഉദാഹരണത്തിന്, കേരളത്തിലെ കൊടുങ്ങല്ലൂർ ഭഗവതിയും തമിഴ്നാട്ടിലെ മാരിയമ്മയും വസൂരിരോഗം പരിഹരിക്കാൻ വൈദഗ്ധ്യം നേടിയ ദേവതകളായിരുന്നു. ആന്ധ്രയിൽ മുത്തിയമ്മയ്ക്കായിരുന്നു പ്രാധാന്യം. ബംഗാളിലെ ജനകീയദേവതയായ കാളി തലയോട്ടുകൾ കൊണ്ടുള്ള മാലയാണ് ധരിച്ചിരുന്നത്. അമ്മദൈവങ്ങളെയും ഭൂതപ്രേതപിശാചാദികളെയും പ്രീതിപ്പെടുത്താൻ പുഷ്പങ്ങൾ പോലെതന്നെ ചോരയും കള്ളും മുഖ്യോപകരണങ്ങളായിരുന്നു. ഇത്തരം വിശ്വാസങ്ങളുടെയും കർമ്മങ്ങളുടെയും അവിഭാജ്യഘടകങ്ങളെന്ന നിലയ്ക്കാണ് മന്ത്രവാദചടങ്ങുകളും ജോത്സ്യവും തന്ത്രവിദ്യയും പുഷ്ടിപ്പെട്ടത്.

മധ്യകാലത്ത് നാട്ടുവാഴി വ്യവസ്ഥ ശക്തിപ്പെടാൻ തുടങ്ങിയപ്പോഴാണ് കുലഗോത്രസമുദായക്കാരുടെ പ്രാദേശികദേവാലയങ്ങൾ അമ്പലങ്ങളായി മാറിയത്. പ്രത്യേകിച്ചും ധനികവർഗ്ഗക്കാരുടെ ദേവാലയങ്ങളും ഒട്ടനവധി ബൗദ്ധ–ജൈനവിഹാരങ്ങളും ശിവക്ഷേത്രങ്ങളോ വിഷ്ണുക്ഷേത്രങ്ങളോ ആക്കി മാറ്റപ്പെട്ടു. അവയിൽ ശിവന്റെയും വിഷ്ണുവിന്റെയും അവരുടെ സഹധർമ്മിണികളായ ദേവികളുടെയും ബിംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. ശിവക്ഷേത്രങ്ങളിൽ മുഖ്യമായും യോനിക്കുള്ളിലുയർന്നു നിന്ന ലിംഗമാണ് പൂജിക്കപ്പെട്ടത്. ബൗദ്ധ–ജൈനമതങ്ങൾക്ക് കൂടുതൽ സ്വാധീനമുണ്ടായിരുന്ന പ്രദേശങ്ങളിൽ ബിംബാർച്ചനയ്ക്ക് കള്ളിനും ചോരയ്ക്കും പകരം പുഷ്പങ്ങളും ചന്ദനാദിസുഗന്ധദ്രവ്യങ്ങളും കൂടുതൽ കൂടുതൽ ഉപയോഗിക്കപ്പെടാൻ തുടങ്ങി. അബ്രാഹ്മണരായ പൂജാരികളുടെ സ്ഥാനത്ത് ബ്രാഹ്മണപുരോഹിതന്മാരും മേശാന്തികളും നിയമിക്കപ്പെടാൻ തുടങ്ങി. എന്നാൽ ഫ്രേസർ ചൂണ്ടിക്കാണിച്ചതുപോലെ, “തെക്കേ ഇന്ത്യയിലെ ചില സുപ്രസിദ്ധ ക്ഷേത്രങ്ങളിൽ, ബ്രാഹ്മണപുരോഹിതന്മാരുടെ ഒരു വിട്ടുവീഴ്ചയെന്ന നിലയ്ക്ക്, പഴയ രക്തചടങ്ങുകളും മദ്യപാനമഹോത്സവങ്ങളും കൊല്ലത്തിലൊരിക്കൽ പുതുക്കാൻ അനുവദിക്കപ്പെടുന്നുണ്ട്. ബ്രാഹ്മണപുരോഹിതന്മാർ പ്രാദേശിക നാട്ടുവാഴിത്തലവന്മാരുടെ സംരക്ഷണത്തിലാണ് പ്രവർത്തിക്കുന്നത്. നാട്ടുവാഴിത്തലവന്മാർ നൽകുന്ന ഈ രക്ഷാധികാരിത്വത്തിനും ആനുകൂല്യങ്ങൾക്കും പകരമായി അവർക്ക് ബ്രാഹ്മണപുരോഹിതന്മാരിൽ നിന്ന് പഴയ രാജവംശങ്ങളുടെ കൃത്രിമ പിൻഗാമിത്വത്തോടു കൂടിയ ക്ഷത്രിയന്മാർ എന്ന പദവി ലഭിക്കുകയും ചെയ്യുന്നു”. [8]

---

6. Ehrenfels: Mother Right in India P. 1.
7. R. K. Frazer: Encyclopaedia of Religion and Ethics, Vol. II.
8. R. K. Frazer: Encyclopaedia of Religion and Ethics, Vol. II.

## 6 ശക്തിപൂജ

പ്രാചീനകാർഷിക സമുദായങ്ങളിൽ അമ്മദൈവം ഉൽപ്പാദനാഭിവൃദ്ധിയുടെ പ്രതീകമായിരുന്നു. നാട്ടുവാഴി വ്യവസ്ഥയിലാകട്ടെ, അത് പ്രപഞ്ചത്തിന്റെ മാതാവായ പരമശക്തിയായിത്തീർന്നു. പ്രപഞ്ചത്തിന്റെ കേവല ചൈതന്യമായ ബ്രഹ്മം ഒരു സ്ത്രീയുടേയോ മാതാവിന്റെയോ അല്ലെങ്കിൽ ഒരു ഗർഭാശയത്തിന്റെയോ രൂപത്തിൽ വീക്ഷിക്കപ്പെടാൻ തുടങ്ങി. ശക്തി അല്ലെങ്കിൽ അമ്മദൈവം, വ്യത്യസ്ത സ്ത്രീരൂപങ്ങളിലുള്ള ദൈവത്തിന്റെ പരമശക്തിയായി പൂജിക്കപ്പെടാൻ തുടങ്ങി. ചില സ്ത്രീദൈവങ്ങൾ ദയയും സ്നേഹവും നിറഞ്ഞവരായിരുന്നു; മറ്റുള്ളവർ ഭയങ്കരികളും. ദേവീമഹാത്മ്യമനുസരിച്ച്, "ഭയങ്കരിയായ ചണ്ഡികാദേവി സ്വന്തം ഭക്തന്മാരിൽ വലിയ അഭിനിവേശം കാണിക്കുന്നു, അതേസമയത്ത് തന്നെ പൂജിക്കാത്തവരുടെ പുണ്യങ്ങളെല്ലാം നശിപ്പിക്കുകയും അവരെ ചുട്ടു ഭസ്മമാക്കുകയും ചെയ്യുന്നു".

ബ്രിട്ടീഷ് ഭരണത്തിന്റെ ആവിർഭാവത്തോടുകൂടി നാട്ടുവാഴി വ്യവസ്ഥ ക്ഷയോന്മുഖമാവുകയും ചരക്കുൽപ്പാദനത്തിന്റെയും പണമിടപാടുകളുടെയും വലിഞ്ഞുകയറ്റത്തിന്റെ ഫലമായി പരമ്പരാഗതമായ ഗ്രാമസമുദായവ്യവസ്ഥയുടെ അടിത്തറ തകരാൻ തുടങ്ങുകയും ചെയ്തപ്പോൾ ശക്തിപൂജയും അധഃപതിച്ചു. ശക്തിപൂജക്കാരിൽ ഒരു വിഭാഗം സാധനയുടെയും തന്ത്രവിദ്യയുടെയും പേരിൽ ഗർഹണീയങ്ങളും ലൈംഗികങ്ങളുമായ പലതരം മതചടങ്ങുകളിൽ മുഴുകാൻ മുതിർന്നത് ഈ ഘട്ടത്തിലാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യയിൽ നിലനിന്നിരുന്ന ഈ അധഃപതന പ്രവണതകളെ നേരിട്ടുകണ്ട് മനസ്സിലാക്കിയ അബ്ബേദ്യുബ്വാ ഇങ്ങനെ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്:

> "ഇന്ത്യയിൽ അനുഷ്ഠിക്കപ്പെടുന്ന ഗർഹണീയങ്ങളായ മതചടങ്ങുകളിൽ ഒന്ന് വളരെ സുപരിചിതമാണ്. ശക്തിപൂജ എന്നാണതിന്റെ പേര്. ശക്തി എന്ന വാക്കിന് ബലം, ഓജസ്സ് എന്നൊക്കെയാണർത്ഥം. ചിലപ്പോൾ അത് ശിവന്റെ ഭാര്യയായിരിക്കും. ബലികളർപ്പിക്കപ്പെടുന്നത് ആ ദേവതയുടെ പേരിലായിരിക്കും. ചിലപ്പോൾ ഒരു അദൃശ്യശക്തിയെയാണ് തങ്ങൾ ആരാധിക്കുന്നത് എന്ന് അവർ നടിക്കുന്നു. രാത്രിയിൽ ഏറെക്കുറെ രഹസ്യമായിട്ടാണ് ചടങ്ങുകൾ നടത്തപ്പെടുന്നത്. രാജ്യത്തിലെ നിലവിലുള്ള ആചാരങ്ങൾ നിഷിദ്ധങ്ങളായി കരുതുന്നതെല്ലാം തിന്നുകയും കുടിക്കുകയും ചെയ്യുക, സഭ്യതയുടെയും മര്യാദയുടെയും ഏറ്റവും സാധാരണങ്ങളായ നിയമങ്ങളെപ്പോലും ലജ്ജയില്ലാതെ പരസ്യമായി ലംഘിച്ചുകൊണ്ട് ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ച് യാതൊരു അടുക്കും മുറയുമില്ലാതെ കെട്ടിമറിഞ്ഞു കൂത്താടുക—ഇതാണ് ഏറ്റവും കുറഞ്ഞ ജുഗുപ്സയുളവാക്കുന്ന ഒരു ചടങ്ങ്". [9]

എന്നിട്ടും ചില ആധുനിക ഗ്രന്ഥകാരന്മാർ ശക്തിപൂജ ബ്രഹ്മസാക്ഷാൽക്കാരത്തിനുള്ള ഒരു സാധനയാണെന്ന് ഉറപ്പിച്ചുപറയുന്നു. ശക്തിപൂജയിൽ "ബീഭത്സങ്ങളും ഭോഗാസക്തിജനകങ്ങളുമായ ചടങ്ങുകൾ" അടങ്ങിയിട്ടുണ്ടെന്നും അവയാണ് "തന്ത്രവിദ്യ പൊതുവിലും ശക്തിപൂജ പ്രത്യേകിച്ചും ആധുനികലോകത്തിൽ അപകീർത്തികരങ്ങളായി കരുതപ്പെടുന്നതിനുള്ള കാരണം" എന്നും അവർ തുറന്നു സമ്മതിക്കുന്നുണ്ട്. എങ്കിലും അവർ ഊന്നിപ്പറയുന്നതിങ്ങനെയാണ്: "ഈ ചടങ്ങുകൾ ഒരിക്കലും ശക്തിപൂജയുടെ സവിശേഷതയോ ഏറ്റവും മുഖ്യമായ ഘടകമോ അല്ല. യഥാർത്ഥത്തിൽ അതിന് ഉൽകൃഷ്ടങ്ങളായ ആത്മീയാദർശങ്ങളാണുള്ളത്. ജീവാത്മാവും പരമാത്മാവായ ബ്രഹ്മവും തമ്മിൽ താദാത്മ്യം പ്രാപിക്കുക എന്ന വേദാന്തതത്വത്തെ പ്രായോഗികമായി സാക്ഷാൽക്കരിക്കുക എന്നതാണ് അതിലെ ചടങ്ങുകളുടെ ഉദ്ദേശ്യം. പ്രപഞ്ചത്തിലാകെ വ്യാപിച്ചു കിടക്കുന്ന ശക്തിയല്ലാതെ മറ്റൊന്നുമല്ല ബ്രഹ്മം". [10]

---

9. Abbe J. A. Dubois: Hindu Manners, Customs and Ceremonies, Vol. I. P. 288.
10. Chintaharan Chakravarthy: The Cultural Heritage of India, Vol. IV, PP. 408–09.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014